**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** **30-08-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം വില്ലേജിൽ എസ്.എൻ.ഡി.പി. യോഗത്തിന് ഭൂമി പാട്ടത്തിന് നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിൽ നേര്യമംഗലം വില്ലേജിൽ എസ്.എൻ.ഡി.പി. യോഗത്തിന് ഭൂമി പാട്ടത്തിന് നൽകണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | നേര്യമംഗലം വില്ലേജ് സർവ്വെ 1392/1, 1392/3, 1130/1 എന്നീ നമ്പറുകളിൽ ഉൾപ്പെട്ട 4 ആർ (9.900 സെന്റ്) നേര്യമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രം വക സ്ഥലം എസ്.എൻ.ഡി.പി യോഗം നേര്യമംഗലം ശാഖാ അധികൃതർ അനധികൃതമായി കയ്യേറിയതിനെ തുടർന്ന് കേരള ഭൂസംരക്ഷണ നിയമപ്രകാരം 8/2018 നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് ഒഴിപ്പിക്കൽ ഉത്തരവ് നൽകിയതിനെതിരെ ടി കക്ഷികൾ റവന്യൂ ഡിവിഷണൽ ഓഫീസർ മൂവാറ്റുപുഴ, ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർക്ക് നൽകിയ റിവിഷൻ പെറ്റീഷനുകളും അപ്പീലുകളും നിരസിച്ച് ഉത്തരവായിരുന്നതും അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് തുടർനടപടി സ്വീകരിക്കുവാൻ കോതമംഗലം തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുത്തെങ്കിൽ മാത്രമേ എസ്.എൻ.ഡി.പി യോഗത്തിന്റെ പാട്ടത്തിനുള്ള അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ